ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1192

# സൂറ – 43 / അസ്സുഖ്റുഫ്

## സൂക്തം: 15 – 21

ഭംഗിയുള്ള ഉടയാടകളിലും ആഭരണങ്ങളിലും വളർത്തപ്പെടേണ്ട കാഴ്ചപ്പണ്ടങ്ങളാണ് സ്ത്രീകൾ. പുരുഷന്മാരുടെ ഉപഭോഗ വസ്തു. അബലകളും നാണം കുണുങ്ങികളും ദുർബല മനസ്കകളും. ആയുധമേന്താനോ യുദ്ധം ചെയ്യാനോ കരുത്തില്ലാത്തവർ. പ്രതിയോഗികളോട് ന്യായം പറയാൻ പോലും കഴിവില്ലാത്തവർ. വല്ല യുദ്ധവും ഉണ്ടായാൽ ആദ്യം തടവിലാകുന്നത് അവരായിരിക്കും. അങ്ങനെ അവർ ശത്രുഗോത്രത്തിന്റെ അടിമകളാകുന്നു. അവരുടെ മക്കളെ പ്രസവിക്കേണ്ടി വരുന്നു- ഇതായിരുന്നു പെൺമക്കളെക്കുറിച്ചുള്ള അറബികളുടെ കാഴ്ചപ്പാട്.

وَجَعَلُوا۟ لَهُۥ مِنْ عِبَادِهِۦ جُزْءًا ۚ إِنَّ ٱلْإِنسَٰنَ لَكَفُورٌ مُّبِينٌ ﴿١٥﴾

15. ജനം അല്ലാഹുവിന്റെ അടിമകളിൽ ചിലരെ അവന്റെ അംശമാക്കിയിരിക്കുന്നു. മനുഷ്യൻ തീരെ നന്ദികെട്ടവൻ തന്നെ.

**15**

وَجَعَلُوا = അവർ (ജനം) ആക്കിയിരിക്കുന്നു
لَهُ = അവന്റെ
مِنْ عِبَادِهِ = അവന്റെ അടിമകളിൽനിന്ന് (ചിലരെ)
جُزْءًا = അംശം
إِنَّ الْإِنسَانَ = തീർച്ചയായയും മനുഷ്യൻ
لَكَفُورٌ مُّبِينٌ = തെളിഞ്ഞ (തീരെ) നന്ദികെട്ടവൻ തന്നെ

മുകളിൽ വന്ന 9 മുതൽ 14 കൂടിയ സൂക്തങ്ങളുടെ ആശയവുമായി ബന്ധപ്പെടുത്തിക്കൊണ്ട് പറയുകയാണ്: പ്രപഞ്ചം സൃഷ്ടിച്ചത് അല്ലാഹു, ഭൂമി വാസയോഗ്യമാക്കിയതും അല്ലാഹു. അത് സജീവമായിരിക്കാൻ ആവശ്യമായ ജലമിറക്കുന്നതും അവൻ തന്നെ. മനുഷ്യർക്ക് വിദൂര ദിക്കുകൾ പ്രാപിക്കാൻ സഞ്ചാര പഥങ്ങളും വാഹനങ്ങളുമൊരുക്കിയതും മറ്റാരുമല്ല. ഈ യാഥാർഥ്യങ്ങൾ സമ്മതിച്ചുകൊണ്ട് തന്നെയാണ് ജനം അവന്റെ ചില അടിമകൾ അവന്റെ അംശങ്ങളാണെന്ന് വാദിച്ച് ആരാധിച്ചുകൊണ്ടിരിക്കുന്നത്. ദൈവത്തിന്റെ അടിമകളായ, അവന്റെ തന്നെ സൃഷ്ടികളെ അവന്റെ അംശങ്ങളാക്കി പ്രതിഷ്ഠിക്കുകയാണവർ. ചിലരെ ദൈവത്തിന്റെ പുത്രന്മാരെന്നും ചിലരെ പുത്രിമാരെന്നും ആരോപിക്കുന്നു. പുത്രിയിലും പുത്രനിലും പിതാവിന്റെയും മാതാവിന്റെയും അംശമുണ്ടല്ലോ. മലക്കുകൾ ജിന്നുകളായ വെപ്പാട്ടിമാരിൽ ദൈവത്തിനു ജനിച്ച പെൺമക്കളാണെന്നാണ് അറേബ്യൻ മുശ്രിക്കുകളുടെ സങ്കൽപം. جُزْأً-ന് സ്ത്രീ എന്നും അർഥമുണ്ടെന്നും ഇവിടെ അതാണുദ്ദേശ്യമെന്നും ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. അറബികൾ മലക്കുകളെ ദൈവത്തിന്റെ പെൺമക്കളായി കരുതിയിരുന്നതിനാൽ സ്ത്രീകൾ മാത്രമാണ് جُزْأً കൊണ്ടുദ്ദേശ്യമെന്ന നിലയിൽ വ്യാഖ്യാനിക്കേണ്ട കാര്യമില്ല. വിഗ്രഹാരാധകർ ഓരോ വസ്തുവിനെയും ആരാധിക്കുന്നത് അതിൽ ദൈവാംശമുണ്ട് എന്ന സങ്കൽപത്തിൽ തന്നെയാണ്. ഇന്ത്യയിലെ ഹിന്ദുക്കളിൽ നല്ലൊരു വിഭാഗം ഗോക്കളിലും അതിന്റെ മൂത്രത്തിലും കാഷ്ഠത്തിലും വരെ ദൈവാംശമുണ്ടെന്ന് വിശ്വസിക്കുന്നു. വിഗ്രഹങ്ങളിലുണ്ടെന്ന് കരുതുന്ന ദൈവാംശത്തെ 'ഈശ്വരചൈതന്യം' എന്നാണ് പറയുക. വിഗ്രഹം വേണ്ടവണ്ണം പരിചരിക്കപ്പെട്ടില്ലെങ്കിൽ അതിന്റെ ഈശ്വര ചൈതന്യം ക്ഷയിക്കുകയോ തീരെ ഒഴിഞ്ഞുപോവുകയോ ചെയ്യുമത്രെ.

സാക്ഷാൽ ദൈവത്തെ അവഗണിച്ച് അവന്റെ സൃഷ്ടികളായ അടിമകളിൽ അവന്റെ ഭാഗഭാഗിത്വം ആരോപിച്ച് ആരാധിക്കുന്നത് എന്തുമാത്രം വലിയ മൗഢ്യമാണെന്നു പറയേണ്ടതില്ലല്ലോ. മൗഢ്യത്തിലുപരി അത് മഹാ ദൈവനിന്ദയും നന്ദികേടും കൂടിയാണ്. നമുക്ക് കൃഷിക്ക് നിലമുഴാനും വെള്ളം തേവാനും വണ്ടി വലിക്കാനും പാലു കുടിക്കാനുമൊക്കെ സൃഷ്ടിച്ചു തന്ന ഗോക്കളെയും അവയുടെ മലമൂത്രങ്ങളെയും അവയുടെ ദാതാവിനെ അവഗണിച്ച് അവന്റെ മുമ്പിൽ വെച്ച് ആരാധിക്കുന്നതിൽ കവിഞ്ഞ മൗഢ്യവും ദൈവനിന്ദയും നന്ദികേടും മറ്റെന്തുള്ളൂ! ●

---

أَمِ ٱتَّخَذَ مِمَّا يَخۡلُقُ بَنَاتٖ وَأَصۡفَىٰكُم بِٱلۡبَنِينَ ﴿١٦﴾

16. അതല്ല, അല്ലാഹു താൻ സൃഷ്ടിക്കുന്നതിൽനിന്ന് പെൺമക്കളെ തനിക്കായി എടുക്കുകയും ആൺമക്കളെ നിങ്ങൾക്കു തെരഞ്ഞെടുത്തു തരികയും ചെയ്തുവെന്നോ?

وَإِذَا بُشِّرَ أَحَدُهُم بِمَا ضَرَبَ لِلرَّحۡمَٰنِ مَثَلٗا ظَلَّ وَجۡهُهُۥ مُسۡوَدّٗا وَهُوَ كَظِيمٌ ﴿١٧﴾

17. എന്നാൽ, കരുണാമയനായ അല്ലാഹുവിന് ചാർത്തിക്കൊടുക്കുന്ന പെൺകുട്ടി ജനിച്ചതായി ഇവരിലൊരുവന് സുവാർത്ത ലഭിച്ചാൽ അവൻ കഠിന ദുഃഖിതനായി മുഖം ഇരുണ്ടുപോകുന്നു.

أَوَمَن يُنَشَّؤُاْ فِي ٱلۡحِلۡيَةِ وَهُوَ فِي ٱلۡخِصَامِ غَيۡرُ مُبِينٖ ﴿١٨﴾

18. ആഭരണങ്ങളിൽ വളർത്തപ്പെടുന്ന, തർക്കത്തിൽ നന്നായി ന്യായം പറയാൻ പോലും കഴിയാത്തതോ അല്ലാഹുവിന്റെ വിഹിതം?

**16-18**

أَمِ اتَّخَذَ = അതല്ല, അവൻ (അല്ലാഹു തനിക്കായി എടുക്കുകയും) എടുത്തുവെന്നോ?

مِمَّا يَخْلُقُ = താൻ സൃഷ്ടിക്കുന്നതിൽനിന്ന് بَنَاتٍ = പെൺമക്കളെ

وَأَصْفَاكُم = നിങ്ങൾക്കു തെരഞ്ഞെടുത്തു തരികയും ചെയ്തുവെന്നോ? بِالْبَنِينَ = ആൺമക്കളെ

وَإِذَا بُشِّرَ أَحَدُهُم = (എന്നാൽ) ഇവരിലൊരുവന് സുവാർത്ത ലഭിച്ചാൽ

بِمَا ضَرَبَ لِلرَّحْمَٰنِ مَثَلًا = (അവന്ന്) കരുണാമയന്ന് ഉദാഹരണമാക്കുന്ന (ചാർത്തിക്കൊടുക്കുന്ന)തിനെ

ظَلَّ وَجْهُهُ مُسْوَدًّا = അവന്റെ മുഖം ഇരുണ്ട(ുപോകുന്നു)തായി وَهُوَ كَظِيمٌ = അവൻ കഠിന ദുഃഖിതനായിട്ട്

أَوَمَن يُنَشَّأُ فِي الْحِلْيَةِ = ആഭരണങ്ങളിൽ വളർത്തപ്പെടുന്നവരാണോ?

وَهُوَ فِي الْخِصَامِ غَيْرُ مُبِينٍ = തർക്കത്തിൽ വ്യക്തതയില്ലാത്ത നിലയിലുള്ള (നന്നായി ന്യായം പറയാൻ പോലും കഴിയാത്തതോ അല്ലാഹുവിന്റെ വിഹിതം)

മുശ്‌രിക്കുകളുടെ നന്ദികെട്ട നടപടിയുടെ യുക്തിശൂന്യത ഒന്നുകൂടി തുറന്നു കാട്ടുകയാണ്. മലക്കുകളെ ദൈവത്തിന്റെ പെൺമക്കളെന്നാരോപിക്കുന്നതിന്റെ വൈചിത്ര്യവും നിരാകരണവും ധ്വനിപ്പിക്കാനാണ് വചനം ചോദ്യരൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. സ്‌ത്രൈണ രൂപത്തിലായിരുന്നു മലക്കുകളുടെ വിഗ്രഹങ്ങൾ നിർമിച്ചിരുന്നത്. അവയെ അലങ്കാരങ്ങളും ആടയാഭരണങ്ങളും ധരിപ്പിക്കുകയും ചെയ്തിരുന്നു. മലക്കുകൾ സുന്ദരികളായ പെൺകുട്ടികളാണെങ്കിൽ അവരെ സൃഷ്ടിച്ചത് അല്ലാഹു തന്നെയാണെന്നതിൽ തർക്കമില്ലല്ലോ. അപ്പോൾ അല്ലാഹു താൻ സൃഷ്ടിച്ച പെണ്ണുങ്ങളെ സ്വന്തമാക്കുകയും മുന്തിയവരും ഏറെ പ്രയോജനമുള്ളവരുമായ ആൺമക്കളെ അവർക്ക് കൊടുക്കുകയുമായിരുന്നുവോ? إصفاء-ൽ നിന്നുള്ള ക്രിയയാണ് اصفا. മുന്തിയതും സംശുദ്ധമായത് തെരഞ്ഞെടുത്ത് ദാനം ചെയ്യുകയാണ് إصفاء.

بِمَا ضَرَبَ لِلرَّحْمَٰنِ-ന്റെ ഭാഷാർഥം പരമകാരുണികന് ഉദാഹരണമാക്കിയതിനെ എന്നാണ്. ദിവ്യത്വത്തിൽ പരമകാരുണികന് തുല്യൻ അല്ലെങ്കിൽ സദൃശൻ ആക്കിയവരുടെ ജനനം എന്നാണ് ഇവിടെ ആശയം. അതായത്, അവരിൽ ഒരാൾക്ക് പെൺകുട്ടി ജനിച്ചതായി സുവിശേഷമറിയിച്ചാൽ അപമാനഭാരത്താൽ അയാളുടെ മുഖം കറുക്കുകയും ദുഃഖിതനാവുകയും ചെയ്യുന്നു. ദുഃഖം കൊണ്ടും അപകർഷത കൊണ്ടും സംസാരിക്കാനാവാത്തവനാണ് كَظِيمٌ. ജാഹിലി അറബികൾ പെൺമക്കളോടനുവർത്തിച്ചിരുന്ന അതിനീചവും മനുഷ്യത്വരഹിതവുമായ നിലപാട് 16:57,58,59 സൂക്തങ്ങളിൽ വിശദമാക്കിയിട്ടുണ്ട്. കൂടുതൽ വിശദീകരണം പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക.

ഭംഗിയുള്ള ഉടയാടകളിലും ആഭരണങ്ങളിലും വളർത്തപ്പെടേണ്ട കാഴ്ചപ്പണ്ടങ്ങളാണ് സ്ത്രീകൾ. പുരുഷന്മാരുടെ ഉപഭോഗ വസ്തു. അബലകളും നാണം കുണുങ്ങികളും ദുർബല മനസ്കകളും. ആയുധമേന്താനോ യുദ്ധം ചെയ്യാനോ കരുത്തില്ലാത്തവർ. പ്രതിയോഗികളോട് ന്യായം പറയാൻ പോലും കഴിവില്ലാത്തവർ. വല്ല യുദ്ധവും ഉണ്ടായാൽ

ആദ്യം തടവിലാകുന്നത് അവരായിരിക്കും. അങ്ങനെ അവർ ശത്രുഗോത്രത്തിന്റെ അടിമകളാകുന്നു. അവരുടെ മക്കളെ പ്രസവിക്കേണ്ടി വരുന്നു- ഇതായിരുന്നു പെൺമക്കളെക്കുറിച്ചുള്ള അറബികളുടെ കാഴ്ചപ്പാട്. ഈ കാഴ്ചപ്പാടുള്ളവർ പെൺജന്മത്തിൽ എങ്ങനെ അപമാനിതരും ദുഃഖിതരുമാകാതിരിക്കും? തങ്ങൾക്കാണെങ്കിൽ ഈ വിധം നാണക്കേടും മാനക്കേടുമായി കരുതുന്ന പ്രയോജന ശൂന്യരായവരെ, അല്ലാഹുവിനു ചാർത്തിക്കൊടുക്കുന്നത് അത്ഭുതകരം തന്നെ എന്നാണ് വചനം ചോദ്യരൂപത്തിൽ പറഞ്ഞതിന്റെ ധ്വനി. ഒരു കാര്യം പഠിച്ചും പരിശീലിച്ചും വളരുന്നതിന് نشأ فيه എന്നു പറയും. نشأ في عبادة الله -അല്ലാഹുവിന് ഇബാദത്തു ചെയ്ത് ശീലിച്ചു വളർന്നു. نشأ-യുടെ സകർമക ക്രിയാരൂപമായ نشّأ-യുടെ വർത്തമാന രൂപമാണ് ينشّأ. തർക്കമാണ് خِصَام. അവ്യക്തമായതാണ് غير مبين. തർക്കമുണ്ടാകുമ്പോൾ സ്വന്തം ഭാഗം സ്ഥാപിക്കാൻ പറ്റിയ ന്യായങ്ങൾ പറയാൻ കഴിയാത്തവരാണ് فِي الْخِصَامِ غَيْرُ مُبِينٍ. യുദ്ധം എന്നും خصام-ന് അർഥമുണ്ട്. ഈ അർഥം സ്വീകരിച്ച് ചിലർ യുദ്ധത്തിൽ ശോഭിക്കാത്തവർ എന്നും فِي الْخِصَامِ غَيْرُ مُبِينٍ-ന് അർഥം നൽകിയിട്ടുണ്ട്. ആദ്യത്തെ അർഥ കൽപനയാണ് കൂടുതൽ പ്രബലം. യഥാർഥത്തിൽ ജാഹിലീ അറബികളുടെ വീക്ഷണം സ്ത്രീകൾ ബുദ്ധി വളരെ കുറഞ്ഞവരാകുന്നു എന്നാണ്. അതിന്റെ തെളിവാണ് തർക്കങ്ങളിൽ ന്യായം പറയാനുള്ള കഴിവുകേട്.

സ്ത്രീകൾ ആഭരണങ്ങൾ ധരിച്ചു വളരേണ്ടവരാണ്, വാദങ്ങൾ സ്ഥാപിക്കാൻ കഴിവില്ലാത്തവരാണ് എന്നൊക്കെയുള്ളത് ഇസ്‌ലാമിന്റെ കാഴ്ചപ്പാടാണെന്ന് ചില ആളുകൾ ഈ സൂക്തത്തെ ആധാരമാക്കി അഭിപ്രായപ്പെട്ടിട്ടുണ്ട്. അവർക്ക് ആഭരണം അനുവദനീയമാണ്. വാദപ്രതിവാദങ്ങൾക്കൊന്നും അവരെ നിയോഗിക്കരുത്. ഭരണാധികാരിയുടെയും ന്യായാധിപന്റെയും ചുമതലകൾ പോലുള്ള, ബുദ്ധി വൈഭവം ആവശ്യമുള്ള കാര്യങ്ങൾ അവരെ ഏൽപിച്ചുകൂടാ- ഇങ്ങനെ പോകുന്നു നിർധാരണങ്ങൾ. എന്നാൽ പ്രകൃത സൂക്തങ്ങൾ പറയുന്നത്, അല്ലാഹുവിന് പെൺമക്കളെ ആരോപിച്ചിരുന്ന ജാഹിലീ അറബികൾ സ്ത്രീകൾക്കു കൽപിച്ചിരുന്ന അധമമായ നിലയും വിലയുമാണ്. ഇസ്‌ലാം ആ കാഴ്ചപ്പാട് പങ്കുവെക്കുന്നതിന്റെ യാതൊരു സൂചനയും വചനങ്ങളിൽ ഇല്ല, എന്നല്ല 16:59-ൽ أَلَا سَاءَ مَا يَحْكُمُونَ (നോക്കുക, എത്ര നികൃഷ്ടമാണവർ വിധിക്കുന്നത്) എന്ന് ആക്ഷേപിക്കുന്നുമുണ്ട്. വർണശബളമായ വസ്ത്രങ്ങളും ആഭരണങ്ങളുമൊക്കെ സ്ത്രൈണ പ്രകൃതിയുടെ ഭാഗമാണ്. പ്രകൃതിമതമായ ഇസ്‌ലാം അതു നിരോധിക്കുകയില്ല. ഈ സൂക്തത്തെ അതിനു പ്രമാണമാക്കേണ്ട കാര്യമില്ല. വേണ്ടുവോളം തെളിവുകൾ ഹദീസുകളിലുണ്ട്. ഈ സൂക്തത്തെ അതിനു തെളിവാക്കിയാൽ, പെൺകുട്ടി ജനിച്ചാൽ മുഖമിരുളുന്നതും ദുഃഖിക്കുന്നതും കൂടി ഹിതകരമാണെന്നു പറയേണ്ടി വരും. ഇവിടെ ചർച്ച ചെയ്യുന്നത് ജാഹിലീ അറബികളുടെ കാഴ്ചപ്പാടാണ്. സ്ത്രീകളെ കുറിച്ചുള്ള ഇസ്‌ലാമിന്റെ കാഴ്ചപ്പാട് വ്യക്തമാക്കുന്ന സൂക്തങ്ങളും നബിവചനങ്ങളും വേറെത്തന്നെയുണ്ട്. ●

---

وَجَعَلُوا۟ ٱلْمَلَـٰٓئِكَةَ ٱلَّذِينَ هُمْ عِبَـٰدُ ٱلرَّحْمَـٰنِ إِنَـٰثًا ۚ أَشَهِدُوا۟ خَلْقَهُمْ ۚ سَتُكْتَبُ شَهَـٰدَتُهُمْ وَيُسْـَٔلُونَ ﴿١٩﴾

19. കരുണാമയന്റെ വിശിഷ്ട ദാസന്മാർ മാത്രമായ മലക്കുകളെ അവർ സ്ത്രീകളെന്നാരോപിക്കുന്നു. മലക്കുകളുടെ രൂപം ഇവർ കണ്ടിട്ടുണ്ടോ? ഇവരുടെ സാക്ഷ്യം രേഖപ്പെടുത്തുന്നുണ്ട്. ഇവർ ചോദിക്കപ്പെടുന്നതുമാകുന്നു.

**19**

وَجَعَلُوا الْمَلَائِكَةَ = അവർ മലക്കുകളെ ആക്കുന്നു (ആരോപിക്കുന്നു)

الَّذِينَ هُمْ عِبَادُ الرَّحْمَٰنِ = കരുണാമയന്റെ (അല്ലാഹുവിന്റെ വിശിഷ്ട) ദാസന്മാർ മാത്രമായ إِنَاثًا = സ്ത്രീകൾ (എന്ന്)

أَشَهِدُوا خَلْقَهُمْ = അവരുടെ (രൂപം ഇവർ കണ്ടിട്ടുണ്ടോ) സൃഷ്ടിക്ക് ഇവർ സാക്ഷികളായിട്ടുണ്ടോ?

سَتُكْتَبُ شَهَادَتُهُمْ = ഇവരുടെ സാക്ഷ്യം രേഖപ്പെടുത്തും وَيُسْأَلُونَ = ഇവർ ചോദിക്കപ്പെടുകയും ചെയ്യും

15-ാം സൂക്തം, വിഗ്രഹാരാധകർ അല്ലാഹുവിന്റെ അടിമകളെ അവന്റെ അംശമാക്കുന്നുവെന്ന് പറഞ്ഞതിന്റെ ഒരു വിശദീകരണമാണിത്. അറബികൾ ദൈവാംശമായ ദൈവപുത്രിമാരായി വിശ്വസിച്ചിരുന്നത് മലക്കുകളെയാണ്. യഥാർഥത്തിൽ മലക്കുകൾ ദൈവത്തിന്റെ വിശിഷ്ടരായ അടിമകൾ മാത്രമാണ്. ലിംഗ വ്യത്യാസത്തിനതീതരായ സൃഷ്ടികളാണവർ. അവർ സ്ത്രീകളാണെന്നും ദൈവപുത്രിമാരാണെന്നും ദൈവാംശമുള്ളവരുമാണെന്നും ബഹുദൈവ വിശ്വാസികൾ പറയുന്നത് യാതൊരു തെളിവിന്റെയും അടിസ്ഥാനത്തിലല്ല. മലക്കുകളുടെ രൂപം അവരാരും കണ്ടിട്ടേയില്ല. പിന്നെങ്ങനെയാണ് അവർ പെണ്ണുങ്ങളാണെന്ന് ഇക്കൂട്ടർ നിശ്ചയിക്കുന്നത്? أَشَهِدُوا خَلْقَهُمْ എന്ന വാക്കിനെ, അവരുടെ സൃഷ്ടിക്ക് ഇവർ സാക്ഷികളായിരുന്നുവോ എന്നും തർജമയാവാം. ആകാരം, ഘടന എന്നും സൃഷ്ടികർമം എന്നും خلق-ന് അർഥമുണ്ട്. അതു പോലെ شهد-ക്ക് കണ്ടു എന്നും സാക്ഷ്യം വഹിച്ചു എന്നും അർഥമുണ്ട്. ഈ സന്ദർഭത്തിൽ രണ്ടർഥങ്ങളും സാധുവാകുന്നു. എന്നാൽ, തുടർന്നു വന്ന شَهَادَتُهُمْ അവരുടെ സാക്ഷ്യം, സാക്ഷിമൊഴി' എന്ന അർഥത്തിലുള്ളതാണ് .... سَتُكْتَبُ എന്ന വാക്യം ഗുരുതരമായ താക്കീതാണ്. മലക്കുകളെ നേരിൽ കണ്ടതുപോലെ, അല്ലെങ്കിൽ അവരെ പെണ്ണുങ്ങളായി സൃഷ്ടിക്കുന്നതിനു സാക്ഷികളായതുപോലെ മൊഴി നൽകുകയാണ് അവർ ചെയ്തിരിക്കുന്നത്. ഈ സാക്ഷിമൊഴി അവരുടെ കർമ പുസ്തകത്തിൽ രേഖപ്പെടുത്തുന്നുണ്ട്. നാളെ മഹ്ശറിൽ അതെക്കുറിച്ച് അവർ വിചാരണ ചെയ്യപ്പെടുന്നതാണ്. അപ്പോൾ എന്തു തെളിവിന്റെ, ന്യായത്തിന്റെ, ഇന്ദ്രിയാനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് മലക്കുകൾ സ്ത്രീകളാണെന്ന് വിധിച്ചതെന്ന് അവർ അല്ലാഹുവിനോട് ബോധിപ്പിക്കേണ്ടി വരും. ●

وَقَالُوا لَوْ شَاءَ الرَّحْمَٰنُ مَا عَبَدْنَاهُم ۗ مَّا لَهُم بِذَٰلِكَ مِنْ عِلْمٍ ۖ إِنْ هُمْ إِلَّا يَخْرُصُونَ ﴿٢٠﴾

20. അവർ വാദിക്കുന്നു: കരുണാമയൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഞങ്ങൾ ബഹുദൈവങ്ങളെ ആരാധിക്കുമായിരുന്നില്ല. ഈ വിഷയത്തിന്റെ യാഥാർഥ്യത്തെക്കുറിച്ച് അവർക്ക് ഒരു വിവരവുമില്ല. അനുമാനിക്കുക മാത്രമാണവർ.

أَمْ آتَيْنَاهُمْ كِتَابًا مِّن قَبْلِهِ فَهُم بِهِ مُسْتَمْسِكُونَ ﴿٢١﴾

21. അതല്ല, നാം അവർക്ക് നേരത്തെ വല്ല വേദവും നൽകിയിട്ടുണ്ടായിരുന്നുവോ? അതു മുറുകെപ്പിടിച്ചുകൊണ്ടാണോ അവർ ബഹുദൈവങ്ങളെ ആരാധിക്കുന്നത്?

**20,21**

وَقَالُوا = അവർ പറഞ്ഞു (വാദിക്കുന്നു) لَوْ شَاءَ الرَّحْمَٰنُ = കരുണാമയൻ (ആയ അല്ലാഹു) ഉദ്ദേശിച്ചിരുന്നുവെങ്കിൽ

مَا عَبَدْنَاهُم = ഞങ്ങൾ അവരെ (ബഹുദൈവങ്ങളെ) ആരാധിക്കുമായിരുന്നില്ല

مَّا لَهُم بِذَٰلِكَ مِنْ عِلْمٍ = അതുകൊണ്ട് (ഈ വിഷയത്തിന്റെ യാഥാർഥ്യത്തെക്കുറിച്ച്) അവർക്ക് ഒരു വിവരവുമില്ല

إِنْ هُمْ إِلَّا يَخْرُصُونَ = അവർ അനുമാനിക്കുകയല്ലാതെയല്ല (അനുമാനിക്കുക മാത്രമാണവർ)

أَمْ آتَيْنَاهُمْ كِتَابًا = അതല്ല, നാം അവർക്കു (വല്ല) വേദവും നൽകിയിട്ടുണ്ടായിരുന്നുവോ? مِّن قَبْلِهِ = ഇതിനു മുമ്പ് (നേരത്തെ)

فَهُم بِهِ مُسْتَمْسِكُونَ= അങ്ങനെ അവർ അതു മുറുകെപ്പിടിക്കുന്നവരാണോ? (അതു മുറുകെപ്പിടിച്ചുകൊണ്ടാണോ അവർ ബഹുദൈവങ്ങളെ ആരാധിക്കുന്നത്?)

എല്ലാ ന്യായങ്ങളും മുട്ടുമ്പോൾ ബഹുദൈവ വിശ്വാസികൾ തങ്ങളുടെ മൂഢമായ അവിവേകത്തെ സാധൂകരിക്കാൻ ഉന്നയിക്കാറുള്ള രണ്ടു വാദങ്ങളെക്കുറിച്ചാണീ സൂക്തങ്ങൾ പറയുന്നത്. ബഹുദൈവ വിശ്വാസികൾ മാത്രമല്ല, സകലതരം അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും അഭിരമിക്കുന്ന എല്ലാവരും ഉന്നയിക്കാറുള്ളതാണീ വാദങ്ങൾ. അല്ലാഹു സർവജ്ഞനും കരുണാമയനുമാണല്ലോ. അവനിഷ്ടമില്ലാത്തതെന്തും സംഭവിക്കുന്നത് തടയാൻ അവനു കഴിയും. എന്നല്ല, അവനിച്ഛിച്ചതു മാത്രമേ ഈ ലോകത്ത് നടക്കുകയുള്ളൂ. ഞങ്ങൾ ബഹുദൈവങ്ങളെ ആരാധിക്കേണ്ട എന്ന് അവനുദ്ദേശിച്ചിരുന്നുവെങ്കിൽ അവരെ ആരാധിക്കുകയില്ലായിരുന്നു. ഞങ്ങൾക്കതിനു കഴിയുകയുമില്ലായിരുന്നു. അപ്പോൾ താനല്ലാത്തവർ ആരാധിക്കപ്പെട്ടു കൂടാ എന്ന് അവൻ നിശ്ചയിച്ചിട്ടില്ല. ചുരുങ്ങിയ പക്ഷം, ബഹുദൈവാരാധന വർജിക്കുന്നതിൽ അവനു താൽപര്യമില്ല. എങ്കിൽ എന്തിന് ഹേ, ബഹുദൈവ വിശ്വാസവും വിഗ്രഹാരാധനയും നിഷേധിക്കുന്നതിൽ നിങ്ങൾക്കീ ശാഠ്യം? 6:148 സൂക്തം അൽപം വ്യത്യാസത്തോടെ വിഗ്രഹാരാധകരുടെ ഈ ചോദ്യം ഉദ്ധരിച്ചിരിക്കുന്നു:

سَيَقُولُ الَّذِينَ أَشْرَكُوا لَوْ شَاءَ اللَّهُ مَا أَشْرَكْنَا وَلَا آبَاؤُنَا وَلَا حَرَّمْنَا مِن شَيْءٍ ۚ كَذَٰلِكَ كَذَّبَ الَّذِينَ مِن قَبْلِهِمْ حَتَّىٰ ذَاقُوا بَأْسَنَا ۗ قُلْ هَلْ عِندَكُم مِّنْ عِلْمٍ فَتُخْرِجُوهُ لَنَا ۖ إِن تَتَّبِعُونَ إِلَّا الظَّنَّ وَإِنْ أَنتُمْ إِلَّا تَخْرُصُونَ ﴿١٤٨﴾

(പ്രവാചകനെ നിഷേധിക്കുന്ന ബഹുദൈവാരാധകർ തീർച്ചയായും വാദിക്കും: അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഞങ്ങളും ഞങ്ങളുടെ പിതാക്കളും ബഹുദൈവാരാധകരാകുമായിരുന്നില്ല. ഞങ്ങൾ യാതൊന്നും നിഷിദ്ധമാക്കുകയുമില്ലായിരുന്നു. അവർക്കു മുമ്പുള്ളവരും ഇത്തരം ജൽപനങ്ങളുയർത്തി സത്യത്തെ തള്ളിപ്പറഞ്ഞിട്ടുണ്ട്. അങ്ങനെ ഒടുവിൽ അവർ നമ്മുടെ ശിക്ഷ രുചിക്കുകയും ചെയ്തു. അവരോടു ചോദിക്കുക: നിങ്ങളുടെ പക്കൽ വല്ല വിജ്ഞാനവുമുണ്ടോ, ഞങ്ങളുടെ മുന്നിലവതരിപ്പിക്കാൻ? നിങ്ങൾ പിന്തുടരുന്നത് കേവലം ഭാവനകളെയാകുന്നു. അഭ്യൂഹിക്കുക മാത്രമാകുന്നു നിങ്ങൾ ചെയ്യുന്നത്). ഈ ചോദ്യത്തിന്റെയും അതിലടങ്ങിയ വാദത്തിന്റെയും നിരർഥകത വ്യക്തമാക്കുന്ന വിശദ ചർച്ച ഖുർആൻ ബോധനം പ്രസ്തുത സൂക്തത്തിനു താഴെ കാണുക. 6:148-ൽ هَلْ عِندَكُم مِّنْ عِلْمٍ فَتُخْرِجُوهُ لَنَا എന്ന ചോദ്യത്തിന്റെ സ്ഥാനത്താണ് ഇവിടെ أَمْ آتَيْنَاهُمْ كِتَابًا مِّن قَبْلِهِ എന്നും مَّا لَهُم بِذَٰلِكَ مِنْ عِلْمٍ എന്നും പറയുന്നത്. അവിടെ إِن تَتَّبِعُونَ إِلَّا الظَّنَّ وَإِنْ أَنتُمْ إِلَّا تَخْرُصُونَ എന്നു പറഞ്ഞ സ്ഥാനത്ത് ഇവിടെ إِنْ هُمْ إِلَّا يَخْرُصُونَ എന്നു പറഞ്ഞിരിക്കുന്നു. തെളിവിന്റെയോ പ്രമാണത്തിന്റെയോ അടിസ്ഥാനത്തിലല്ലാതെ കേട്ടുകേൾവിയെയും അപൂർണ നിരീക്ഷണത്തെയും ആധാരമാക്കി രൂപവത്കരിക്കുന്ന നിഗമനവും അനുമാനവുമാണ് خَرْص. രണ്ടു സൂക്തങ്ങളിലും علم കൊണ്ടു വിവക്ഷിക്കുന്നത്, ബുദ്ധികൊണ്ടും പ്രമാണങ്ങൾ കൊണ്ടും സ്ഥാപിതമായ ജ്ഞാനമാണ്. ദൈവികമായ കാര്യങ്ങളെല്ലാം അഭൗതികവും അഗോചരവുമാകുന്നു. അല്ലാഹുവിനെ കുറിച്ചുള്ള ആധികാരിക വിവരം അവൻ തന്റെ ദൂതന്മാരിലൂടെയും വേദങ്ങളിലൂടെയും നൽകിയിട്ടുള്ളതാണ്. നിങ്ങൾ മുഹമ്മദിന്റെ പ്രവാചകത്വവും അദ്ദേഹം ഓതുന്ന വേദവും അംഗീകരിക്കുന്നില്ലെങ്കിൽ വേണ്ട; ഇതിനു മുമ്പും അല്ലാഹു അനേകം പ്രവാചകന്മാരെ അയക്കുകയും അവരിലൂടെ വേദങ്ങളവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബഹുദൈവ വിശ്വാസവും വിഗ്രഹാരാധനയും അനുശാസിക്കുന്ന ഏതെങ്കിലും വേദം അല്ലാഹു നേരത്തെ അവതരിപ്പിച്ചിട്ടുണ്ടോ? ആ വേദം മുറുകെപ്പിടിച്ചുകൊണ്ടാണോ നിങ്ങൾ ബഹുദൈവത്വവും വിഗ്രഹാരാധനയും അനുവർത്തിക്കുന്നത്? ഇതാണ് أَمْ آتَيْنَاهُمْ ......... مُسْتَمْسِكُونَ എന്ന വാക്യത്തിന്റെ താൽപര്യം. إمساك (പിടിക്കുക, നിലനിർത്തുക) ന്റെ അത്യുക്തിയായ استمساك-ൽ നിന്നുള്ള കർതൃവചനമാണ് مستمسك. മുറുക്കിപ്പിടിക്കുന്നവൻ, അചഞ്ചലമായി നിലകൊള്ളുന്നവൻ എന്നർഥം. ഒരു പൂർവ വേദവും, ബഹുദൈവത്വവും വിഗ്രഹാരാധനയും കൽപിക്കുന്നില്ല. എന്നല്ല, എല്ലാ വേദങ്ങളും അത് അസന്ദിഗ്ധമായി നിരോധിക്കുകയാണ് ചെയ്തിട്ടുള്ളത്. ●